sflc.in

മാർഗ്ഗനിർദ്ദേശം

# ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിശോധനയും കണ്ടുകെട്ടലും സംബന്ധിച്ച

**Guide on Search and Seizure of Electronic Devices, 2025**
By SFLC.in in partnership with UNESCO

© Copyright 2024 SFLC.in Licensed under Creative Commons BY SA NC 4.0

Published by: SFLC.in
K9, 2nd Floor, Birbal Road, Jangpura Extension, New Delhi – 14, India.

Email: mail@sflc.in

Website: https://www.sflc.in

# ഉള്ളടക്ക പട്ടി


01\. വിഭാഗം 1
അടിസ്ഥാന കാര്യങ്ങൾ 4

02\. വിഭാഗം 2
പരിശോധനാ സമയത്ത് എന്ത് ചെയ്യണം? 10

03\. വിഭാഗം 3
ഇലക്ട്രോണിക് ഉപകരണങ്ങളും നിയമവും 14

04\. വിഭാഗം 4
കണ്ടുകെട്ടിയതിന് ശേഷമുള്ള നടപടിക്രമം 16

05\. വിഭാഗം 5
തയ്യാറെടുപ്പ് 25

- ഗ്ലോസറി 33
- അനുബന്ധം 36
- റഫറൻസുകൾ 45

## വിഭാഗം 1

# അടിസ്ഥാന കാര്യങ്ങൾ

**നിങ്ങളെ ആരെങ്കിലും പരിശോധിച്ചിട്ടുണ്ടോ?**
**അവർ നിങ്ങളുടെ ശരീരമോ, വാഹനമോ, വീടോ എന്നിവ പരിശോധിച്ചിട്ടുണ്ടോ?**
**അവർ നിങ്ങളുടെ ഉപകരണങ്ങൾ കണ്ടുകെട്ടിയിട്ടുണ്ടോ?**
**ഇവയിൽ ഏതെങ്കിലും ഒന്നിന് ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ...**








# തിരച്ചിലും പിടിച്ചെടുക്കലും: ഒരു വിശകലനം

## പരിശോധനയും കണ്ടുകെട്ടലും: എന്തുകൊണ്ട്, എന്തിന്, എവിടെ

**'പരിശോധന'** എന്നാൽ നടന്നുകൊണ്ടിരിക്കുന്ന അന്വേഷണത്തിനോ നീതിന്യായ നടപടിക്രമത്തിനോ വേണ്ടി തെളിവുകൾ കണ്ടെത്തുന്നതിനായി ഒരു വ്യക്തിയെയോ അവരുടെ സ്വത്തിനെയോ പരിശോധിക്കുക എന്നാണ്. [1][2]ഇതു വാറന്റിനോടുകൂടിയോ അല്ലാതെയോ ചെയ്യാം.[3][4]

**കണ്ടുകെട്ടൽ'** എന്നാൽ പരിശോധന പൂർത്തിയായ ശേഷം ആ സ്വത്ത് തെളിവായി അല്ലെങ്കിൽ അന്വേഷണവുമായി ബന്ധപ്പെട്ട സ്വത്തായി കൈവശപ്പെടുത്തുക എന്നാണ്.[5]

**എന്തുകൊണ്ട്:** ഇത് നിയമ നിർവഹണ ഏജൻസികൾ ഒരു കേസ് അന്വേഷിക്കുന്നതിനുള്ള പ്രക്രിയയാണ്.

**കാരണം:** തെളിവുകൾശേഖരിക്കുന്നതിനും, കുറ്റം തടയുന്നതിനും, നീതിന്യായത്തിലെ അന്യായം തടയുന്നതിനുമാണ് ഇത് ചെയ്യുന്നത്.

**സ്ഥലം:** കുറ്റം നടന്ന സ്ഥലങ്ങൾ, കുറ്റവുമായി ബന്ധപ്പെട്ട വ്യക്തികൾ ഒളിവിൽ കഴിയുന്ന സ്ഥലങ്ങൾ, കുറ്റവുമായി ബന്ധപ്പെട്ട വസ്തുക്കൾ സൂക്ഷിക്കുന്ന സ്ഥലങ്ങൾ.

## പരിശോധനയ്ക്കും കണ്ടുകെട്ടലിനുമുള്ള കാരണങ്ങൾ

- നിർണായകമായ വസ്തുക്കളും രേഖകളും, ഇലക്ട്രോണിക്, ഡിജിറ്റൽ റെക്കോർഡുകൾ ഉൾപ്പെടെ ഒരു വ്യക്തിക്കെതിരായ അന്വേഷണം, പരിശോധന അല്ലെങ്കിൽ വിചാരണയ്ക്കായി ഏതെങ്കിലും ഏജൻസിക്ക് ലഭ്യമാക്കുന്നതിനാണ് ഇത് ചെയ്യുന്നത്.
- അന്വേഷണ ഏജൻസികൾ/പോലീസ് പരിശോധനയിലും കണ്ടുകെട്ടലിലും ലഭിച്ച രേഖകളുടെ ഉള്ളടക്കം കോടതിയിൽ ഒന്നാം അല്ലെങ്കിൽ രണ്ടാം തരം തെളിവുകളിലൂടെ സ്ഥിരീകരിക്കാൻ കഴിയും.

## ഈ പ്രവൃത്തികൾക്ക് നിയമപരമായ അടിസ്ഥാനം

**പരിശോധനയിലും കണ്ടുകെട്ടലിനുള്ള അധികാരം വിവിധ നിയമങ്ങളിൽ നിന്ന് ലഭിക്കുന്നു:[6]:**

+ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023 (BNSS) [7]
+ ഭാരതീയ സാക്ഷ്യ അധിനിയം, 2023 (BSA) [8]
+ ഭാരതീയ ന്യായ സംഹിത, 2023 (BNS) [9]
+ 1961 വരുമാന നികുതി നിയമം (ITA)
+ 1967 ലെ അനധികൃത പ്രവർത്തനങ്ങൾ (തടയൽ) നിയമം, (UAPA)
+ 2002 ലെ മണി ലോണ്ടറിംഗ് തടയൽ നിയമം (PMLA)
+ 2020 ലെ CBI മാനുവൽ
+ 2000 ലെ വിവരസാങ്കേതികവിദ്യാ നിയമം (IT Act)
+ 2023 ലെ ടെലികമ്മ്യൂണിക്കേഷൻസ് നിയമം
+ 1985 ലെ മയക്കുമരുന്ന് സൈക്കോട്രോപിക് പദാർത്ഥങ്ങളും നിയമം

# പിന്നണിയിൽ (BTS): പരിശോധനയ്ക്കും കണ്ടുകെട്ടലിനും അധികാരപ്പെട്ടവർ.

പരിശോധനയും കണ്ടുകെട്ടലും നടത്താൻ അധികാരമുള്ളവർ നിയമങ്ങളനുസരിച്ച് വ്യത്യാസപ്പെടുന്നു. പരിശോധനയ്ക്കുള്ള ഉത്തരവിടാനുള്ള അധികാരം ആർക്കാണ് എന്നതിനെക്കുറിച്ച് പൊതു വിവരം നൽകുക എന്നതാണ് ഈ വിഭാഗത്തിന്റെ ഉദ്ദേശ്യം. ഇത് പരിശോധിക്കുന്നതിലൂടെ, അന്വേഷണ അധികൃതരോട് ഉചിതമായ ചോദ്യങ്ങൾ ചോദിക്കാൻ നിങ്ങളെ സഹായിക്കും.

നിയമങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പരിശോധനയും കണ്ടുകെട്ടലും നടത്തുന്ന രീതി മാറാം.

## I. WHO HAS THE AUTHORITY TO ISSUE THE ORDER FOR THE SEARCH?

| | |
|---|---|
| **BNSS** | ഒരു ജഡ്ജി (ജില്ലാ മജിസ്ട്രേറ്റ്, സബ്-ഡിവിഷണൽ മജിസ്ട്രേറ്റ് അല്ലെങ്കിൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്) കോൺസ്റ്റബിൾ റാങ്കിന് മുകളിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന് മോഷണവസ്തുക്കളോ അപകടസാധ്യതയുള്ള വസ്തുക്കളോ ഒളിച്ചിരിക്കുന്ന സ്ഥലം പരിശോധിക്കാനുള്ള പ്രത്യേക അനുമതി നൽകാൻ കഴിയും. ആവശ്യമെങ്കിൽ ഈ ഉദ്യോഗസ്ഥന് മറ്റുള്ളവരിൽ നിന്ന് സഹായം തേടാനും കഴിയും. |
| **Income Tax Act** | ഡയറക്ടർ/ജനറൽ/ചീഫ് കമ്മീഷണർ അല്ലെങ്കിൽ കമ്മീഷണർ എന്നിവർക്ക് പരിശോധനയ്ക്ക് ഉത്തരവിടാൻ അധികാരമുണ്ട്. |
| **UAPA** | കേന്ദ്ര/സംസ്ഥാന സർക്കാരിന് പരിശോധനയ്ക്ക് ഉത്തരവിടാൻ അധികാരമുണ്ട്. എന്നിരുന്നാലും ഏത് മന്ത്രാലയം/വിഭാഗത്തിനാണ് ഈ ഉത്തരവിടാനുള്ള അധികാരമെന്ന് നിയമത്തിൽ പറയുന്നില്ല. |
| **PMLA** | **സർവ്വേയ്ക്ക് ഉത്തരവിടാൻ:** അഡ്ജഡിക്കേറ്റിങ് അതോറിറ്റിക്കാണ് അധികാരമുള്ളത്.<br><br>**കണ്ടുകെട്ടലുകൾക്ക്:** ഡയറക്ടർ അല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിന് താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥന് ഉത്തരവിടാനാകും. |
| **IT Act** | കേന്ദ്ര സർക്കാരിന് പരിശോധന നടത്താൻ കേന്ദ്ര/സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥനോട് ഉത്തരവിടാനുള്ള അധികാരമുണ്ട്.<br>കമ്പ്യൂട്ടറുകളിലെ ഡേറ്റ ആക്സസ് ചെയ്യാൻ കൺട്രോളർക്കും പരിശോധനയ്ക്ക് ഉത്തരവിടാനാകും. |

# പിന്നണിയിൽ (BTS): പരിശോധനയ്ക്കും കണ്ടുകെട്ടലിനും അധികാരപ്പെട്ടവർ.

പരിശോധനയും കണ്ടുകെട്ടലും നടത്താൻ അധികാരമുള്ളവർ നിയമങ്ങളനുസരിച്ച് വ്യത്യാസപ്പെടുന്നു. പരിശോധനയ്ക്കുള്ള ഉത്തരവിടാനുള്ള അധികാരം ആർക്കാണ് എന്നതിനെക്കുറിച്ച് പൊതു വിവരം നൽകുക എന്നതാണ് ഈ വിഭാഗത്തിന്റെ ഉദ്ദേശ്യം. ഇത് പരിശോധിക്കുന്നതിലൂടെ, അന്വേഷണ അധികൃതരോട് ഉചിതമായ ചോദ്യങ്ങൾ ചോദിക്കാൻ നിങ്ങളെ സഹായിക്കും.

നിയമങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പരിശോധനയും കണ്ടുകെട്ടലും നടത്തുന്ന രീതി മാറാം.

## II. പരിശോധന നടത്താനുള്ള അധികാരം ആർക്കാണ്?

| | |
|---|---|
| **BNSS** | പരിശോധനയുടെയും കണ്ടുകെട്ടലിന്റെയും നിയമം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന്റെ അടിസ്ഥാന ധാരണ ഇതാണ്:<br><br>സ്റ്റേഷൻ ഹൗസ് ഓഫീസർക്കോ (SHO) അല്ലെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥനോ (IO) പരിശോധനയോ കണ്ടുകെട്ടലോ നടത്തിയേക്കും, ഇവരുടെ അഭാവത്തിൽ, രേഖാമൂലം അധികാരം നൽകിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും ഇത് ചെയ്യാവുന്നതാണ്.<br><br>**ഒരാളെ അറസ്റ്റ് ചെയ്താൽ:** പോലീസ് അവരെ പിടികൂടിയ സ്ഥലം പരിശോധിക്കാം കൂടാതെ കുറ്റകൃത്യവുമായി ബന്ധപ്പെട്ട എന്തും എടുക്കാം. ഇത് പോലീസിന് മാത്രമേ ചെയ്യാൻ കഴിയൂ, ആവശ്യമെങ്കിൽ വാതിലുകളോ ജനലുകളോ തകർക്കാനും കഴിയും.<br><br>**എന്തെങ്കിലും സംശയാസ്പദമായ വസ്തുക്കൾ ഒളിപ്പിച്ചിട്ടുണ്ടെങ്കിൽ:** ഒരു ജഡ്ജിക്ക് (ജില്ലാ മജിസ്ട്രേറ്റ്, സബ്-ഡിവിഷണൽ മജിസ്ട്രേറ്റ് അല്ലെങ്കിൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്) ഒകോൺസ്റ്റബിൾ റാങ്കിന് മുകളിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന് (ഏത് ഉദ്യോഗസ്ഥനും അല്ല!) മോഷണവസ്തുക്കളോ അപകടസാധ്യതയുള്ള വസ്തുക്കളോ ഒളിച്ചിരിക്കുന്ന സ്ഥലം പരിശോധിക്കാനുള്ള പ്രത്യേക അനുമതി നൽകാൻ കഴിയും, ആവശ്യമെങ്കിൽ ഈ ഉദ്യോഗസ്ഥന് മറ്റുള്ളവരിൽ നിന്ന് സഹായം തേടാനും കഴിയും.<br><br>**വകുപ്പുകൾ: 44 & 97** |
| **UAPA** | UAPA അന്വേഷിക്കാനുള്ള അധികാരം വിവിധ നഗരങ്ങളിൽ വ്യത്യസ്തമാണ്:<br><br>**ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ്:** ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് അല്ലെങ്കിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ.<br><br>**മുംബൈ, കൊൽക്കത്ത, ചെന്നൈ, അഹമ്മദാബാദ് തുടങ്ങിയ മെട്രോപൊളിറ്റൻ പ്രദേശങ്ങളിലും അറിയിപ്പ് നൽകിയിട്ടുള്ള പ്രദേശങ്ങളിലും:** അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് അല്ലെങ്കിൽ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥർ.<br><br>**മറ്റ് കേസുകളിൽ:** ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് അല്ലെങ്കിൽ തത്തുല്യമായ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ. |

# പിന്നണിയിൽ (BTS): പരിശോധനയ്ക്കും കണ്ടുകെട്ടലിനും അധികാരപ്പെട്ടവർ.

പരിശോധനയും കണ്ടുകെട്ടലും നടത്താൻ അധികാരമുള്ളവർ നിയമങ്ങളനുസരിച്ച് വ്യത്യാസപ്പെടുന്നു. പരിശോധനയ്ക്കുള്ള ഉത്തരവിടാനുള്ള അധികാരം ആർക്കാണ് എന്നതിനെക്കുറിച്ച് പൊതു വിവരം നൽകുക എന്നതാണ് ഈ വിഭാഗത്തിന്റെ ഉദ്ദേശ്യം. ഇത് പരിശോധിക്കുന്നതിലൂടെ, അന്വേഷണ അധികൃതരോട് ഉചിതമായ ചോദ്യങ്ങൾ ചോദിക്കാൻ നിങ്ങളെ സഹായിക്കും.

നിയമങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പരിശോധനയും കണ്ടുകെട്ടലും നടത്തുന്ന രീതി മാറാം.

## II. പരിശോധന നടത്താനുള്ള അധികാരം ആർക്കാണ്?

| | |
|---|---|
| **Income Tax Act** | അസിസ്റ്റന്റ് കമ്മീഷണർ റാങ്കിൽ കുറയാത്ത അല്ലെങ്കിൽ ഉയർന്ന റാങ്കിലുള്ള ആദായ നികുതി ഉദ്യോഗസ്ഥർക്ക് മാത്രമേ അന്വേഷിക്കാൻ കഴിയൂ. |
| **PMLA** | ഡയറക്ടർ അല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിൽ കുറയാത്ത മറ്റേതെങ്കിലും ഉദ്യോഗസ്ഥന് അന്വേഷിക്കാൻ അധികാരമുണ്ട്. |
| **IT Act** | ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഏതൊരു പോലീസ് ഉദ്യോഗസ്ഥനും. കൂടാതെ, കേന്ദ്ര/സംസ്ഥാന ഗവൺമെന്റിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ, അന്വേഷിക്കാൻ കേന്ദ്ര ഗവൺമെന്റിന് അധികാരപ്പെടുത്താൻ കഴിയും<br>കൂടാതെ, കൺട്രോളർക്കോ അവർ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അന്വേഷിക്കാം. |
| **2023-ലെ ടെലികമ്മ്യൂണിക്കേഷൻസ് നിയമം** | അനധികൃതമായ ടെലികമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കോ ഉപകരണങ്ങളോ സൂക്ഷിച്ചിരിക്കുന്നതായോ മറച്ചുവെയ്ക്കുന്നതായോ സംശയമുണ്ടായാൽ, കേന്ദ്ര സർക്കാരിന്റെ അധികൃത ഉദ്യോഗസ്ഥന് ആ സ്ഥലം പരിശോധിക്കാനുള്ള അധികാരമുണ്ട് . [10] |






## വിഭാഗം 2

# പരിശോധനാ സമയത്ത് എന്ത് ചെയ്യണം?

**അന്വേഷണ പ്രക്രിയ സങ്കീർണവും അസ്വസ്ഥമാക്കുന്നതുമാകാം..**

ഈ പ്രക്രിയ ശരിയായി കൈകാര്യം ചെയ്യാൻ, അതിന്റെ നടപടിക്രമങ്ങളും ആവശ്യമായ രേഖകളും മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

ഒരു അന്വേഷണം വിചാരണയിലേക്ക് നയിക്കുകയാണെങ്കിൽ, കോടതിയിൽ സ്വയം വാദിക്കാൻ പരിശോധനയുടെ നടപടിക്രമങ്ങളും അനുബന്ധ മാർഗനിർദേശങ്ങളും പൂർണമായി അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്.










## പരിശോധന ആരംഭിക്കുമ്പോൾ, ഈ ചോദ്യങ്ങൾ പ്രയോജനപ്പെടും




| | |
|---|---|
| 1 | **നിങ്ങൾക്ക് വാറന്റ് ഉണ്ടോ?** |
| 2 | **അത് ഇലക്ട്രോണിക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ?** |
| 3 | **ഉണ്ടെങ്കിൽ, ഏത് വിധേനെയാണ്?** |
| 4 | **നിങ്ങൾ ഏത് അന്വേഷണ സ്ഥാപനത്തിന്റെ പ്രതിനിധിയാണ്?** |
| 5 | **നിങ്ങളുടെ പദവി എന്താണ്?** |
| 6 | **എനിക്കെതിരെയുള്ള ആരോപണങ്ങൾ എന്തൊക്കെയാണ്?** |

അതോടൊപ്പം, ശ്രദ്ധിക്കുക – നിങ്ങളുടെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം ലഭിക്കുന്നില്ലെന്ന് തോന്നുന്നുവെങ്കിൽ, ഉടനെ ഒരു അഭിഭാഷകനുമായി ബന്ധപ്പെടുക. നിങ്ങളുടെ നിയമ പ്രതിനിധി നിയമ പ്രതിനിധി എത്തുംവരെ കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യരുത്.

## അധികാരികളിൽ നിന്ന് വിവരങ്ങൾ കൃത്യമായി ശേഖരിക്കുക.

- പോലീസിന് നിങ്ങളുടെ ഇലക്ട്രോണിക് ഉപകരണങ്ങൾ വാറന്റോടുകൂടിയോ അല്ലാതെയോ പരിശോധിക്കാം. **എന്നിരുന്നാലും, പരിശോധനയുടെയും കണ്ടുകെട്ടലിന്റെയും നടപടിക്രമങ്ങളുടെ റെക്കോർഡിന്റെ ഒരു പകർപ്പ്,** [11] **– പോലീസ് ഉദ്യോഗസ്ഥനിൽ നിന്ന് അത് ലഭിച്ചിട്ടുള്ള അടുത്തുള്ള മജിസ്ട്രേട്ടിനോട് എപ്പോഴും ആവശ്യപ്പെടണം.** [12]

- **നിങ്ങളുടെ കൈവശമുള്ള വേറൊരു വ്യക്തിയുടെ ഇലക്ട്രോണിക് രേഖകൾ, ആ വ്യക്തിയുടെ അനുവാദം ഇല്ലാതെ, നൽകരുത്.**

- പരിശോധനയും കണ്ടുകെട്ടാലും ഒരു അന്വേഷണത്തിന്റെ സാധാരണ നടപടിയാണ്. നിങ്ങളുടെ വീടോ ഉപകരണങ്ങളോ പരിശോധിക്കന്നതുകൊണ്ട് നിങ്ങൾ കുറ്റവാളിയാണെന്ന് **അർത്ഥമാക്കുന്നില്ല**. അന്വേഷണ സംഘത്തിന് പരിശോധന നടത്താൻ അനുവാദം നൽകുന്ന എല്ലാ രേഖകളുമുണ്ടെങ്കിൽ, അവരെ അവരുടെ ജോലി ചെയ്യാൻ അനുവദിക്കുക. നിങ്ങളുടെ അഭിഭാഷക/അഭിഭാഷകനുമായി ബന്ധപ്പെടുക, കാരണം പിന്നീട് അവരുടെ സഹായം ആവശ്യമായേക്കാം.

- ചില സമയങ്ങളിൽ അന്വേഷണ അധികാരികൾ നിങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകിയേക്കില്ല, അതുകൊണ്ട്, നിനിങ്ങളുടെ ചോദ്യങ്ങളും അവർ നൽകുന്ന മറുപടികളും ഒരു കടലാസിൽ രേഖപ്പെടുത്തി വെക്കുന്നതാണ് നല്ലതായിരിക്കും, അത് പിന്നീട് വിചാരണയിൽ ഉപയോഗിക്കാനാകും.

- നിങ്ങൾക്ക് അന്വേഷണ സംഘത്തിനെ പരിശോധനയിൽ സഹായിക്കേണ്ട യാതൊരു ബാധ്യതയുമില്ല, എന്നാൽ അവരുടെ ജോലിയിൽ തടസ്സം നിൽക്കരുത്. ഉദാഹരണമായി, ഉപകരണവുമായി കടന്നുകളയുകയോ അത് നശിപ്പിക്കുകയോ ചെയ്യരുത്.

പരിശോധനയും കണ്ടുകെട്ടലും നടക്കുന്ന സ്ഥലത്ത് വെച്ച്, ശേഖരിച്ച തെളിവുകളുടെ പ്രാധാന്യവും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായി ഉടനടിയുള്ള പരിശോധനയും വിലയിരുത്തലും വിശകലനത്തിന്റെ ഭാഗമാണ്..

ഇതിൽ സ്ഥലത്ത് ലഭിച്ച ഭൗതിക വസ്തുക്കളും ഡിജിറ്റൽ ഉപകരണങ്ങളും അവലോകനം ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു, ഡേറ്റ വീണ്ടെടുക്കലും ഫോറൻസിക് വിശകലനവും നടത്തി വിവരങ്ങൾ പരിശോധിക്കുകയും, കൃത്രിമത്വം തടയുകയും ചെയ്യുന്നു. പ്രധാന പാറ്റേണുകളും ബന്ധങ്ങളും കണ്ടെത്തുകയും, വ്യക്തമായ കസ്റ്റഡി ശൃംഖല ഉറപ്പാക്കാൻ വിശദമായ കുറിപ്പുകൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.

| | |
|---|---|
| **1** | **വിശകലനത്തിനായി ഉപയോഗിച്ച ഉപകരണങ്ങളുടെയും അക്കൗണ്ടുകളുടെയും ഒരു ലിസ്റ്റ് സൂക്ഷിക്കുക:**<br><br>ഉദ്യോഗസ്ഥർ ശേഖരിച്ച എല്ലാ ഡേറ്റയും പിന്നീട് ക്രോസ്-റഫറൻസ് ചെയ്യുന്നത് എളുപ്പമാക്കാൻ വിശകലനത്തിനായി ഉപയോഗിച്ച ഉപകരണങ്ങളുടെയും അക്കൗണ്ടുകളുടെയും ഒരു ലിസ്റ്റ് സൂക്ഷിക്കുക. |
| **2** | **നിങ്ങളുടെ ഉപകരണങ്ങളിലെ ഫയലുകളുടെ സ്റ്റോറേജ് ലൊക്കേഷനുകൾ വെളിപ്പെടുത്തരുത്:**<br><br>അധികാരികൾ പരിശോധനയും കണ്ടുകെട്ടലും നടത്തുമ്പോൾ, നിങ്ങളുടെ സ്വകാര്യതയും വിശ്വാസ്യതയും കാക്കാൻ ഡിവൈസിലെ ഫയലുകളുടെ സ്റ്റോറേജ് ലൊക്കേഷനുകൾ വെളിപ്പെടുത്താതിരിക്കുന്നതാണ് നല്ലത്. ഫയലുകൾ സൂക്ഷിച്ചിരിക്കുന്ന വിവരം നൽകുന്നത് അനുവദനീയമായ പരിധിക്കപ്പുറം പരിശോധനയുടെ വ്യാപ്തി വർദ്ധിപ്പിക്കാനും സെൻസിറ്റീവ് അല്ലെങ്കിൽ അപ്രസക്തമായ വ്യക്തിഗത വിവരങ്ങൾ പുറത്തുവരാനും ഇടയാക്കിയേക്കാം. |
| **3** | **Keep note of all IMEI, serial numbers, and specifications of all devices taken for analysis:**<br><br>ഇത് ഡിവൈസിന്റെ ഐഡന്റിറ്റി സ്ഥിരീകരിക്കാൻ സഹായിക്കുകയും, മറ്റ് ഉപകരണങ്ങളുമായുള്ള ആശയക്കുഴപ്പം ഒഴിവാക്കി, ശരിയായ ഉപകരണമാണ് വിശകലനം ചെയ്യുന്നതെന്നും കോടതിയിൽ ഹാജരാക്കുന്നതെന്നും ഉറപ്പാക്കി തെളിവിന്റെ വിശ്വാസ്യത നിലനിർത്തും. |

## വിഭാഗം 3

# ഇലക്ട്രോണിക് ഉപകരണങ്ങളും നിയമവും

K.S. പുട്ടസ്വാമി കേസിൽ, സുപ്രീം കോടതി വിവര സ്വകാര്യത ഉൾപ്പെടെ സ്വകാര്യതയെ മൗലികാവകാശമായി അംഗീകരിച്ചു. [13] - വീരേന്ദർ ഖന്ന v. കർണാടക സംസ്ഥാനം എന്ന കേസിൽ, കർണാടക ഹൈക്കോടതി ഇലക്ട്രോണിക് ഉപകരണങ്ങൾ പരിശോധിക്കുന്നതിനും കണ്ടുകെട്ടുന്നതിനും പ്രത്യേക മാർഗനിർദേശങ്ങൾ നിശ്ചയിച്ചു. ഒരു സ്മാർട്ട്ഫോൺ അല്ലെങ്കിൽ കമ്പ്യൂട്ടർ സിസ്റ്റം തുറക്കാൻ പാസ്വേഡ്, ബയോമെട്രിക്സ്, അല്ലെങ്കിൽ പാസ്കോഡ് നൽകുന്നത് ഒരു വ്യക്തിയുടെ സ്വയം കുറ്റസമ്മതത്തിനെതിരായ മൗലികാവകാശത്തിന് വിരുദ്ധമല്ലെന്ന് കോടതി വിധിച്ചു. [14]

എന്നിരുന്നാലും, ഫൗണ്ടേഷൻ ഓഫ് മീഡിയ പ്രൊഫഷണൽസ് സുപ്രീം കോടതിയെ സമീപിച്ച്, ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഒരാളുടെ ധാരാളം വ്യക്തിഗത വിവരങ്ങൾ സൂക്ഷിക്കപ്പെടുന്നതിനാൽ, നിലവിലുള്ള നിയമം സ്വയം കുറ്റസമ്മതത്തിനെതിരായ മൗലികാവകാശങ്ങളും സ്വകാര്യതയും ലംഘിക്കപ്പെടുന്നതിൽ നിന്ന് ആളുകളെ സംരക്ഷിക്കാൻ പര്യാപ്തമല്ലെണ് വാദിച്ചു. [15] അന്വേഷണ ഏജൻസികൾ ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിശോധനയ്ക്കും കണ്ടുകെട്ടലിനും മാർഗനിർദേശങ്ങൾ വികസിപ്പിക്കാൻ ഒരു സമിതി രൂപീകരിച്ചു..[16]

വിവിധ നിയമങ്ങൾ പ്രകാരം പരിശോധനയും കണ്ടുകെട്ടലും എങ്ങനെ നടത്തുന്നു വെന്ന് അറിയാൻ അനുബന്ധങ്ങൾ വായിക്കുക.



## വിഭാഗം 4

# കണ്ടുകെട്ടിയതിന് ശേഷമുള്ള നടപടിക്രമം:

## നിങ്ങളുടെ ഉപകരണം കണ്ടുകെട്ടിയ ശേഷം എന്ത് സംഭവിക്കുന്നു

# കണ്ടുകെട്ടിയ ഉപകരണങ്ങൾക്കുള്ള ആവശ്യമായ രേഖകൾ

## സർട്ടിഫിക്കറ്റുകൾ

[സെക്ഷൻ 63(4)(c) പ്രകാരം]:

**ഉപകരണം പരിശോധനയ്ക്കും കണ്ടുകെട്ടലിനും വിധേയമാകുന്ന വ്യക്തിക്ക്, പരിശോധനയും കണ്ടുകെട്ടാലും നടത്തിയ വ്യക്തിയും നടപടിക്രമം നടത്തിയ വിദഗ്ധനും സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റിന്റെ പകർപ്പ് ആവശ്യപ്പെടാം.** [17][18] , ഇതിൽ ഇനിപ്പറയുന്നവ ഉണ്ടാവണം:




**പരിശോധനയ്ക്കും കണ്ടുകെട്ടലിനും വിധേയമായ ഉപകരണത്തിന്റെ ഉടമയുടെ പേരും ഒപ്പും.**



**കണ്ടുകെട്ടിയ ദിവസവും സമയവും.**



**കണ്ടുകെട്ടിയ സ്ഥലം.**



**കണ്ടുകെട്ടിയ ഉപകരണങ്ങളുടെ വിവരങ്ങൾ (ബ്രാൻഡ്, മോഡൽ, സീരിയൽ നമ്പർ/IMEI/UIN/UID/MAC)**

0000 1111
0000 2222

**ഹാഷ് മൂല്യം (ഹാഷ് റിപ്പോർട്ടോടുകൂടി)**



**വിദഗ്ധൻ എല്ലാ ആവശ്യമായ വിവരങ്ങളോടും കൂടി ഒപ്പിട്ട സർട്ടിഫിക്കറ്റ് നൽകണം.**



**കണ്ടുകെട്ടിയ സമയത്ത് ഹാജരായിരുന്ന സാക്ഷികളുടെ പേര്**



**കണ്ടുകെട്ടലിന്റെ കാരണം.**




**പരിശോധനയും കണ്ടുകെട്ടലും ഇലക്ട്രോണിക് രീതിയിൽ, പ്രത്യേകിച്ച് മൊബൈൽ ഫോണിൽ റെക്കോർഡ് ചെയ്യണമെന്ന അഭ്യർത്ഥന.**




**മജിസ്ട്രേട്ടിന് ലഭിക്കുന്ന റെക്കോർഡിന്റെ ഒരു പകർപ്പ് ആവശ്യപ്പെടുക.**

## വസ്തുക്കളുടെ പട്ടിക



ചാർജറുകൾ, കേസുകൾ തുടങ്ങിയവ ഉൾപ്പെടെ കണ്ടുകെട്ടിയ എല്ലാ **വസ്തുക്കളുടെ പട്ടിക** [19] ആവശ്യപ്പെടുക.

## കണ്ടുകെട്ടിയതിന്റെ കാരണങ്ങൾ




നിങ്ങളുടെ ഉപകരണങ്ങൾ **എന്തുകൊണ്ട് കണ്ടുകെട്ടിയെന്നും** ഏത് നിയമവ്യവസ്ഥ പ്രകാരം കണ്ടുകെട്ടൽ നടത്തിയെന്നും വ്യക്തമായി ചോദിക്കുക.



## നിയമോപദേശകന്റെ സേവനം

തിരച്ചിൽ നടക്കുന്ന സമയത്ത് **ഒരു വക്കീലുമായി ആലോചിക്കാനുള്ള** നിങ്ങളുടെ അവകാശം ഉറപ്പാക്കുക.



# വാറന്റിന്റെ/ഉത്തരവിന്റെ രേഖകൾ

കണ്ടുകെട്ടൽ ഒരു വാറന്റിന്റെയോ മജിസ്ട്രേട്ടിന്റെ ഉത്തരവിന്റെയോ അടിസ്ഥാനത്തിലാണെങ്കിൽ, [20] **ആ രേഖകളുടെ പകർപ്പുകൾ** ആവശ്യപ്പെടുക. വാറന്റ്/ഉത്തരവിൽ ഉദ്ദേശിച്ച വ്യക്തികളുടെ ശരിയായ വിവരങ്ങളുണ്ടോയെന്നും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പിട്ടിട്ടുണ്ടോയെന്നും പരിശോധിക്കുക.




## കണ്ടുകെട്ടലിന്റെ കാലാവധി

ഉപകരണങ്ങൾ എത്ര കാലം കൈവശം വയ്ക്കുമെന്നും തിരികെ നൽകുന്നതിനുള്ള നടപടികളെക്കുറിച്ചും ചോദിക്കുക.



## അവസ്ഥയുടെ രേഖ

ഉപകരണങ്ങൾ കൈമാറുന്നതിന് മുമ്പ്, **അവയുടെ അവസ്ഥ** (ഉദാഹരണത്തിന്, പാടുകൾ, കേടുപാടുകൾ) ഫോട്ടോകളോ വീഡിയോകളോ എടുത്ത് രേഖപ്പെടുത്താൻ ആവശ്യപ്പെടുക.

## അധിക രേഖകൾ



സന്ദർഭമനുസരിച്ച്, നിങ്ങൾക്ക് ഇനിപ്പറയുന്ന അധിക വിവരങ്ങൾ ആവശ്യപ്പെടാം:

- അന്വേഷണ ഉദ്യോഗസ്ഥന്റെ വിശദാംശങ്ങൾ.
- കണ്ടുകെട്ടലുമായി ബന്ധപ്പെട്ട പരാതിയുടെയോ കേസിന്റെയോ വിവരങ്ങൾ, കേസ് നമ്പർ ഉൾപ്പെടെ.
- അധികാരികൾ പാലിച്ച ബന്ധപ്പെട്ട നടപടിക്രമങ്ങളുടെയോ നയങ്ങളുടെയോ പകർപ്പുകൾ.

# നിങ്ങളുടെ ഉപകരണം തിരികെ ലഭിക്കാൻ വളരെ സമയമെടുത്താൽ എന്താണ് സംഭവിക്കുക?

- ഉപകരണം തിരികെ നൽകുന്ന നടപടി, അത് കോടതിയിൽ ഹാജരാക്കിയോ എന്നതിനെ ആശ്രയിച്ചിരിക്കും. ഒരു അന്വേഷണത്തിനോ വിചാരണയ്ക്കോ വേണ്ടി കോടതിയിൽ ഹാജരാക്കിയ ഉപകരണമാണെങ്കിൽ, BNSS 2023-ലെ 497, 503 വകുപ്പുകൾ പ്രകാരം വിചാരണ അവസാനിച്ച ശേഷം കോടതിക്ക് അത് തിരികെ നൽകാൻ ഉത്തരവിടാം. 497-[illegible] വകുപ്പിൽ ഇപ്പോൾ സമയപരിധി വ്യക്തമാക്കിയിട്ടുണ്ട്.

- എന്നാൽ, ഉപകരണം കോടതിയിൽ ഹാജരാക്കിയിട്ടില്ലെങ്കിൽ, മജിസ്ട്രേറ്റ് സമ്മതിക്കുകയാണെങ്കിൽ, ആറ് മാസത്തിനുള്ളിൽ വാങ്ങാൻ ഉത്തരവിടും.അത് ശേഖരിക്കാൻ അവർ നിങ്ങൾക്ക് അനുമതി നൽകും. അതിനായി നിങ്ങൾക്ക് ആറ് മാസം വരെ സമയം നൽകും. **[21]**

ഏത് സാഹചര്യത്തിലും, പോലീസ് കണ്ടുകെട്ടിയ വസ്തു തിരികെ ലഭിക്കാനുള്ള നടപടിക്രമം നിങ്ങളുടെ കേസിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെടാം. നിന്റെ ഉപകരണം തിരികെ ലഭിക്കാൻ തയ്യാറാണെങ്കിലും അതിൽ പ്രശ്നങ്ങൾ നേരിടുകയാണെങ്കിൽ, പോലീസ് കണ്ടുകെട്ടിയ വസ്തു തിരികെ ലഭിക്കാനുള്ള പ്രക്രിയ കേസിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെടുമെന്ന് ഓർക്കുക. എന്നിരുന്നാലും, നിങ്ങൾക്ക് സ്വീകരിക്കാവുന്ന പൊതുവായ ഘട്ടങ്ങളെക്കുറിച്ചുള്ള ഒരു വിവരണം ഇതാ:

**വിവരങ്ങൾ ശേഖരിക്കുക:** കണ്ടുകെട്ടിയ വസ്തുക്കളുടെ വിശദമായ ഒരു പട്ടിക തയ്യാറാക്കുക, അതിൽ സീരിയൽ നമ്പറുകളും, വിവരണങ്ങളും, സ്പെസിഫിക്കേഷനുകളും ഉൾപ്പെടുത്തുക. കൂടാതെ, വസ്തുവിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ഉദാഹരണത്തിന് വാങ്ങൽ രസീതുകൾ, വിൽപ്പന രേഖകൾ, അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ ശേഖരിക്കുക.

**പൊലീസ് സ്റ്റേഷനുമായി ബന്ധപ്പെടുക:** ആവശ്യമായ എല്ലാ വിവരങ്ങളും ശേഖരിച്ചതിന് ശേഷം, കേസ് ഫയൽ ചെയ്ത പോലീസ് സ്റ്റേഷനിലേക്കോ നിങ്ങളുടെ വസ്തു കണ്ടുകെട്ടിയ സ്ഥലത്തെ അടുത്തുള്ള പോലീസ് സ്റ്റേഷനിലേക്കോ പോകുക. ഓഫീസർ-ഇൻ-ചാർജ്, അന്വേഷണ ഓഫീസർ അല്ലെങ്കിൽ പ്രോപ്പർട്ടി ഡിപ്പാർട്ട്മെന്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥനുമായി സംസാരിക്കുക. നിങ്ങളുടെ സ്ഥിതി വിശദീകരിച്ച് നിന്റെ വസ്തു തിരികെ ലഭിക്കാൻ അഭ്യർത്ഥിക്കുക. ക്ഷമയോടെയും വിനയത്തോടെയും സഹകരിച്ച് പെരുമാറുകയും, ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയും ചെയ്യുക.

**നിയമ സഹായം തേടുക:** പോലീസ് സഹകരിക്കുന്നില്ലെങ്കിലോ നടപടിക്രമങ്ങൾ സങ്കീർണമാണെന്ന് തോന്നുകയോ ചെയ്താൽ, വക്കീലിൽ നിന്ന് നിയമ സഹായം തേടുക.

# പകരണം തിരികെ ലഭിക്കുമ്പോൾ പരിശോധിക്കേണ്ട പട്ടിക

## 1. പൊതു പരിശോധന

| | |
|---|---|
| **ഉപകരണങ്ങളും സേവനങ്ങളും** | ഉദ്യോഗസ്ഥരിൽ നിന്ന്, പരിശോധിച്ചതോ കണ്ടുകെട്ടിയതോ ആയ ഉപകരണങ്ങളുടെയും, ഇമെയിൽ, ചാറ്റ് മുതലായവ പോലുള്ള പരിശോധിച്ച സേവനങ്ങളുടെയും ഒരു പട്ടിക ശേഖരിക്കുക, അത് കണ്ടുകെട്ടലിന് മുമ്പുള്ള ഡേറ്റാബേസുമായി പരിശോധിക്കാൻ സഹായിക്കും. |
| **ആരംഭവും പ്രവർത്തനവും** | ഉപകരണം ഓൺ ചെയ്ത് അത് സാധാരണ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക. ഇന്റർനെറ്റ് കണക്ഷൻ, ആപ്പ് യൂസേജ്, ക്യാമറ തുടങ്ങിയ അടിസ്ഥാന പ്രവർത്തനങ്ങളും ഫീച്ചറുകളും പരിശോധിക്കുക. |
| **ഉപകരണം തിരികെ ലഭിക്കൽ** | റെയ്ഡിന് ശേഷം, കണ്ടുകെട്ടാത്ത ഉപകരണങ്ങളെല്ലാം നിങ്ങൾക്ക് തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുക. |
| **പുറമെയുള്ള നിലവാരം** | ഉപകരണത്തിൽ ഏതെങ്കിലും ഭൗതിക കേടുപാടുകൾ ഉണ്ടോ എന്ന് പരിശോധിക്കുക, പ്രത്യേകിച്ച് സീലുകളിലോ സ്ക്രൂകളിലോ കൃത്രിമത്വത്തിന്റെ ലക്ഷണങ്ങൾ. ഉപകരണത്തിലെ സംശയാസ്പദമായ അടയാളങ്ങളോ കേടുപാടുകളോ ഫോട്ടോകളോ രേഖകളോ ആയി രേഖപ്പെടുത്തുക. |
| **സെറ്റിങ്ങുകളും കൺഫിഗ്യുറേഷനുകളും** | ഏതെങ്കിലും സെറ്റിങ്ങുകൾ, ആക്സസ് കൺട്രോളുകൾ അല്ലെങ്കിൽ കൺഫിഗ്യുറേഷനുകൾ മാറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കുക, പ്രത്യേകിച്ച് സെക്യൂരിറ്റി, പ്രൈവസി, ലൊക്കേഷൻ സേവനങ്ങളിൽ. |

# പകരണം തിരികെ ലഭിക്കുമ്പോൾ പരിശോധിക്കേണ്ട പട്ടിക

## 1. പൊതു പരിശോധന

| | |
|---|---|
| **ഇൻസ്റ്റാൾ ചെയ്ത സോഫ്റ്റ്‌വെയറുകൾ/ആപ്പുകൾ** | നിങ്ങളുടെ ഫോണിൽ പുതിയ സോഫ്റ്റ്‌വെയർ അല്ലെങ്കിൽ ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുക, കൂടാതെ ഇൻസ്റ്റാൾ ചെയ്ത ആപ്പുകളുടെ പട്ടിക കണ്ടുകെട്ടലിന് മുമ്പ് നിങ്ങൾക്ക് ഓർമയുള്ളവയുമായി താരതമ്യം ചെയ്യുക. അജ്ഞാതമോ സംശയാസ്പദമോ ആയ സോഫ്റ്റ്‌വെയറുകൾ അല്ലെങ്കിൽ ആപ്ലിക്കേഷനുകൾ സ്പൈവെയർ അല്ലെങ്കിൽ മാൽവെയർ ആയിരിക്കാം. |
| **അസാധാരണ പ്രവർത്തനങ്ങൾ** | ഉപകരണത്തിൽ വിശദീകരിക്കാനാകാത്തതോ അസാധാരണമോ ആയ പ്രവർത്തനങ്ങൾ, ഉദാഹരണത്തിന് ബാറ്ററി അമിതമായി കുറയുക,, ഡേറ്റാ ഉപഭോഗം, പ്രവർത്തനരഹിതമായ ഫീച്ചറുകൾ മുതലായവ, സ്പൈവെയർ അല്ലെങ്കിൽ മാൽവെയർ ആയേക്കാമെന്ന സൂചനകളാകാം. |
| **ഓൺലൈൻ അക്കൗണ്ടുകൾ** | ഇമെയിൽ, ഓൺലൈൻ സ്റ്റോറേജ്, സോഷ്യൽ മീഡിയ തുടങ്ങിയ ഓൺലൈൻ അക്കൗണ്ടുകളിൽ, നിങ്ങളുടെ ഉപയോഗത്തിലല്ലാത്ത മറ്റ് ഉപകരണങ്ങൾ ലോഗിൻ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുക. അപരിചിതമായ ഉപകരണങ്ങൾ കണ്ടെത്തിയാൽ, അവ നീക്കം ചെയ്യാൻ ഉടനടി നടപടിയെടുത്ത് അക്കൗണ്ട് സുരക്ഷിതമാക്കുക. സാധാരണഗതിയിൽ ഇവ അക്കൗണ്ടിന്റെ സെക്യൂരിറ്റി സെറ്റിങ്ങിലൂടെ ചെയ്യാം. |

# പകരണം തിരികെ ലഭിക്കുമ്പോൾ പരിശോധിക്കേണ്ട പട്ടിക

## 2. ഡേറ്റാ സമഗ്രത

| | |
|---|---|
| **ഡേറ്റ പരിശോധന** | നിങ്ങളുടെ എല്ലാ ഡേറ്റയും സുരക്ഷിതമാണോ എന്ന് പരിശോധിക്കുക. ഫയലുകൾ, ഫോട്ടോകൾ, ഡോക്യുമെന്റുകൾ, മെറ്റാഡേറ്റ, മറ്റ് ഡേറ്റ എന്നിവയിൽ ഒന്നും നഷ്ടമോ തകരാറോ ഇല്ലെന്ന് ഉറപ്പുവരുത്തുക. |
| **ഫയൽ ടൈംസ്റ്റാമ്പുകൾ** | നിങ്ങളുടെ ഉപകരണത്തിലെ പ്രധാന ഫയലുകളുടെയും ഡോക്യുമെന്റുകളുടെയും ടൈംസ്റ്റാമ്പുകൾ പരിശോധിക്കുക, കാരണം മാറ്റം വരുത്തിയ ടൈംസ്റ്റാമ്പുകൾ അനധികൃത പ്രവേശനമോ മാറ്റമോ സൂചിപ്പിക്കാം. |
| **ഫയൽ ഹാഷുകൾ** | പ്രധാന ഫയലുകളുടെ ക്രിപ്റ്റോഗ്രാഫിക് ഹാഷുകൾ കണ്ടുകെട്ടലിന് മുമ്പും ശേഷവും ഉണ്ടാക്കി താരതമ്യം ചെയ്യുക. വ്യത്യാസങ്ങൾ ഫയലിൽ മാറ്റമോ മാറ്റിസ്ഥാപനമോ ഉണ്ടായതിനെ സൂചിപ്പിക്കാം. |
| **ഫോറൻസിക് ടൂൾ സ്കാനുകൾ** | നിങ്ങളുടെ ഉപകരണത്തിൽ മറഞ്ഞിരിക്കുന്ന ഫയലുകൾ, സ്പൈവെയർ അടയാളങ്ങൾ, അല്ലെങ്കിൽ റൂട്ട്കിറ്റുകൾ എന്നിവ കണ്ടെത്താൻ ആന്റി-മാൽവെയർ, ഫോറൻസിക് സോഫ്റ്റ്‌വെയർ എന്നിവ ഉപയോഗിക്കാൻ ശ്രമിക്കുക. ഈ ഉപകരണങ്ങൾ സങ്കീർണമാകാം, അതിനാൽ ഡേറ്റാ റിക്കവറി അല്ലെങ്കിൽ സൈബർ സുരക്ഷാ വിദഗ്ധന്റെ സഹായം തേടുന്നത് നല്ലതാണ്. |

# പകരണം തിരികെ ലഭിക്കുമ്പോൾ പരിശോധിക്കേണ്ട പട്ടിക

## 3. അധിക പരിഗണനകൾ

| | |
|---|---|
| **ബാക്കപ്പ് ലോഗുകൾ** | നിങ്ങളുടെ ഉപകരണം അനുവദിക്കുന്നുണ്ടെങ്കിൽ, ബാക്കപ്പ് ലോഗുകളിലോ സിസ്റ്റം ലോഗുകളിലോ കണ്ടുകെട്ടൽ കാലയളവിൽ അസാധാരണമോ അനധികൃതമോ ആയ പ്രവർത്തനങ്ങൾ കാണിക്കുന്നുണ്ടോ എന്ന് നോക്കുക. |
| **ക്ലൗഡ് സ്റ്റോറേജ്** | ഉപകരണവുമായി ലിങ്ക് ചെയ്ത നിങ്ങളുടെ ക്ലൗഡ് സ്റ്റോറേജ് അക്കൗണ്ടുകളിൽ ഏതെങ്കിലും അനധികൃത പ്രവേശനമോ മാറ്റങ്ങളോ ഉണ്ടോ എന്ന് പരിശോധിക്കുക. |
| **ഡോക്യുമെന്റേഷൻ** | നിങ്ങളുടെ കണ്ടെത്തലുകളെക്കുറിച്ച് വിശദമായ രേഖകൾ സൂക്ഷിക്കുക, ടൈംസ്റ്റാമ്പുകൾ, സ്ക്രീൻഷോട്ടുകൾ, സംശയാസ്പദ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തി. നിയമനടപടികൾക്ക് ഈ രേഖകൾ നിർണായകമാണ്. |
| **പാസ്‌വേഡ് മാനേജ്മെന്റ്** | നിങ്ങളുടെ ഉപകരണവുമായും ഓൺലൈൻ അക്കൗണ്ടുകളുമായും ബന്ധപ്പെട്ട എല്ലാ നിലവിലുള്ള പാസ്‌വേഡുകളും മാറ്റുക, കാരണം അധികാരികൾ നിങ്ങളുടെ പാസ്‌വേഡുകളുടെ പകർപ്പ് എടുക്കാൻ സാധ്യതയുണ്ട്. |

## വിഭാഗം 5

# തയ്യാറെടുപ്പ്:

## നിങ്ങളുടെ ഉപകരണങ്ങൾ സുരക്ഷിതമാക്കൽ

**ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ, ഉപകരണങ്ങളും അവയിലെ വിവരങ്ങളും അമൂല്യമാണ്.**

**ഈ വിവരങ്ങൾ സുരക്ഷിതമാക്കാൻ ഉപകരണങ്ങൾ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.**




ഭീഷണികൾക്കെതിരെ മുൻകരുതൽ എടുക്കുന്നത് എളുപ്പവും അത്യാവശ്യവുമാണ്. നിങ്ങളുടെ ഫോൺ ഹാക്ക് ചെയ്യപ്പെട്ട് സ്വകാര്യ സന്ദേശങ്ങൾ പുറത്തുവന്നാൽ എന്താകും സ്ഥിതിയെന്ന് ഒന്ന് ചിന്തിക്കുക! ശക്തമായ പാസ്‌വേഡുകൾ, ഓൺലൈനിൽ പങ്കുവയ്ക്കുന്നതിൽ ജാഗ്രത, സോഫ്റ്റ്‌വേർ അപ്ഡേറ്റ് എന്നിവ നിങ്ങളുടെ ഡേറ്റയ്ക്ക് ശക്തമായ സുരക്ഷാ കവചം തീർക്കും. ചെറിയൊരു ജാഗ്രത പാലിച്ചാൽ നിങ്ങളുടെ ഓൺലൈൻ ജീവിതം സുരക്ഷിതമാക്കാൻ വലിയ പങ്കുവഹിക്കും. നിങ്ങളുടെ ഡേറ്റ സുരക്ഷിതമാക്കാനുള്ള ചില മികച്ച മാർഗ്ഗങ്ങൾ ചുവടെ കൊടുക്കുന്നു.

## നിങ്ങളുടെ ഓൺലൈൻ പ്രവർത്തനങ്ങൾ സംരക്ഷിക്കുക | വഴികൾ:

### നിങ്ങളുടെ പ്രവർത്തനങ്ങൾ മറയ്ക്കുക



VPN-കളും ടോറും ഉപയോഗിച്ച് നിന്റെ ഓൺലൈൻ പ്രവർത്തനങ്ങൾ സംരക്ഷിക്കാം. ഇതൊരു സീക്രെട് ഏജന്റ് രഹസ്യ ദൗത്യത്തിനിടെ ആൾമാറാട്ടം നടത്തുന്ന പോലെയാണ്.

### VPN-കൾ



നിങ്ങളുടെ ഇന്റർനെറ്റ് ട്രാഫിക്കിന് ഒരു സുരക്ഷിത തുരങ്കം ഉണ്ടെന്ന് സങ്കല്പിക്കുക. ഇത് നിങ്ങളുടെ യഥാർത്ഥ സ്ഥാനം മറയ്ക്കുകയും ഡേറ്റ എൻക്രിപ്റ്റ് ചെയ്യുകയും ചെയ്യുന്നു, അത് നിങ്ങൾക്കും VPN-നും മാത്രം മനസ്സിലാകുന്ന രഹസ്യ കോഡ് പോലെയാണ്. നിങ്ങളുടെ പ്രവർത്തനങ്ങൾ ലോഗ് ചെയ്യാത്ത വിശ്വസനീയമായ VPN സേവനം തിരഞ്ഞെടുക്കുക.

### ടോർ (Tor)



ഒരു രഹസ്യ പാതകളുടെ കുരുക്കഴിച്ച മാർഗം സങ്കല്പിക്കുക. ടോർ നിങ്ങളുടെ ഇന്റർനെറ്റ് ട്രാഫിക്കിനെ എൻക്രിപ്റ്റ് ചെയ്ത റിലേകളുടെ പാളികളിലൂടെ കടത്തിവിടും, ഇത് ട്രാക്ക് ചെയ്യാൻ ഏറെക്കുറെ അസാധ്യമാണ്. അധിക സ്വകാര്യതയ്ക്കായി ടോർ ബ്രൗസർ ഡൗൺലോഡ് ചെയ്യുക.

### ബുദ്ധിപൂർവം തിരഞ്ഞെടുക്കുക



എല്ലാ സെർച്ച് എൻജിനുകളും ഒരേ മാനദണ്ഡം പുലർത്തുന്നില്ല. ഡക്ക്ഡക്ക്ഗോ(DuckDuckGo) പോലുള്ളവ സ്വകാര്യതയെ മുൻനിർത്തി പ്രവർത്തിക്കുകയും നിങ്ങളുടെ സെർച്ചുകളെ ട്രാക്ക് ചെയ്യാതിരിക്കുകയും ചെയ്യുന്നു. ബ്രൗസർ ഹിസ്റ്ററി സൂക്ഷിക്കുന്നുണ്ടെങ്കിലും, POST അഭ്യർത്ഥനകൾ ഉപയോഗിക്കുന്ന സെർച്ച് എൻജിനുകൾ നിങ്ങളുടെ തിരയലുകളെ രഹസ്യമാക്കി നിലനിർത്തും.

| | | |
|---|---|---|
| **ഇൻകോഗ്നിറ്റോ മോഡ്** | | "ഇൻകോഗ്നിറ്റോ മോഡ്" എന്നത് ഒരു സീക്രെട് ഏജന്റിന്റെ മുഖംമൂടി പോലെ കണക്കാക്കാം. ഇത് ബ്രൗസിംഗ് ഹിസ്റ്ററി, കുക്കികൾ, ഫോം ഡേറ്റ എന്നിവ സൂക്ഷിക്കപ്പെടുന്നതിൽ നിന്ന് തടയുന്നു, ഇത് നിങ്ങളുടെ ഓൺലൈൻ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് കണ്ടെത്താനാകാത്തവിധം സുരക്ഷിതമാക്കുന്നു. |
| **ജാഗ്രത പുലർത്തുക** | | ഈ ഉപകരണങ്ങൾ ഉപയോഗിച്ചാലും, പൂർണ സ്വകാര്യത ലഭ്യമല്ല. നിങ്ങൾ സന്ദർശിക്കുന്ന വെബ്സൈറ്റുകളിൽ ശ്രദ്ധിക്കുക, സുരക്ഷിത കണക്ഷനുകൾ (ലോക്ക് ഐക്കൺ!) ഉറപ്പുവരുത്തുക, അനാവശ്യമായി സ്വകാര്യ വിവരങ്ങൾ ഓൺലൈനിൽ പങ്കിടുന്നത് ഒഴിവാക്കുക. |
| **വേഗതയും സ്വകാര്യതയും** | | VPN, TOR എന്നിവ എൻക്രിപ്ഷനും റീറൂട്ടിംഗും കാരണം നിങ്ങളുടെ ഇന്റർനെറ്റിന്റെ വേഗത കുറച്ചേക്കാം. ഇത് ഒരു വിട്ടുവീഴ്ചയാണ്: കുറഞ്ഞ വേഗതയ്ക്ക് പകരം കൂടുതൽ സ്വകാര്യത. നിങ്ങളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായത് തിരഞ്ഞെടുക്കുക. |

**ബോണസ് ടിപ്പ്:**
നിങ്ങളുടെ ഡേറ്റ എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നുവെന്ന് അറിയാൻ, നിങ്ങൾ ഉപയോഗിക്കുന്ന ഏതൊരു ഉപകരണത്തിന്റെയും സ്വകാര്യതാ നയവും സേവന നിബന്ധനകളും എപ്പോഴും പരിശോധിക്കുക. ഈ ലളിതമായ നടപടികൾ പാലിച്ചാൽ, നിങ്ങളുടെ ഓൺലൈൻ സ്വകാര്യത നിങ്ങളുടെ കൈവശം നിലനിർത്താനും, നിങ്ങളുടെ ഓൺലൈൻ സ്വകാര്യതയുടെ നിയന്ത്രണം സ്വയം ഏറ്റെടുക്കാനും ഡിജിറ്റൽ ജീവിതം സുരക്ഷിതമാക്കാനും കഴിയും. ഓർമിക്കുക, ജെയിംസ് ബോണ്ടിന് പോലും ചിലസമയങ്ങളിൽ ആൾമാറാട്ടം നടത്തേണ്ടി വരാറുണ്ട്!

## ജോലിയ്ക്ക് ആവശ്യമായ ഉപകരണങ്ങളും VS. വ്യക്തിപരമായ ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങളും

നിങ്ങൾക്ക് രണ്ട് സ്യൂട്ട്കേസുകൾ ഉണ്ടെന്ന് കരുതുക: ഒന്ന് നിങ്ങളുടെ ജോലി ആവശ്യങ്ങൾക്കും മറ്റൊന്ന് വ്യക്തിപരമായ കാര്യങ്ങൾക്കും. ജോലിക്കുള്ള ലാപ്ടോപ്പും ഫോണും വേർതിരിച്ച് ഉപയോഗിക്കുന്നത് ഈ സ്യൂട്ട്കേസുകൾ വെവ്വേറെ സൂക്ഷിക്കുന്നതിന് തുല്യമാണ് – ഇത് നിങ്ങളുടെ ജീവിതത്തെ ക്രമപ്പെടുത്തുകയും തൊഴിൽ, വ്യക്തിപരമായ മേഖലകളെ സുരക്ഷിതമാക്കുകയും ചെയ്യുന്നു.






**വ്യക്തിപരവും തൊഴിൽതൊഴിൽപരവുമായ ജീവിതങ്ങൾക്കായി വെവ്വേറെ ഉപകരണങ്ങൾ ഉപയോഗിക്കാൻ ശ്രമിക്കുക.**





**A. ഡേറ്റ ഡിറ്റക്ടീവ്:** വെവ്വേറെ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് വ്യക്തിപരവും തൊഴിൽ പരവുമായ ഡേറ്റകൾ കൂട്ടിക്കലരാനുള്ള അപകടസാധ്യത കുറയ്ക്കുന്നു, ഇത് സുരക്ഷ ശക്തിപ്പെടുത്തുകയും രണ്ടിന്റെയും സ്വകാര്യത സംരക്ഷിക്കുകയും ചെയ്യുന്നു. ജോലിക്കും വ്യക്തിപരമായ ആവശ്യങ്ങൾക്കും വെവ്വേറെ ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ, നിങ്ങളൊരു ഡേറ്റ ഡിറ്റക്ടീവ് ആകുന്നു! നിങ്ങളുടെ ജോലി ഫയലുകൾ വ്യക്തിപരമായ ചിത്രങ്ങളിലേക്കോ, അല്ലെങ്കിൽ തിരിച്ചോ ഇടകലരുന്നത് തടഞ്ഞ്, വ്യത്യസ്ത താക്കോലുകളോടുകൂടിയ രണ്ട് പൂട്ടിയ സ്യൂട്ട്കേസുകൾ പോലെ ഇവയെല്ലാം സുരക്ഷിതവും രഹസ്യവുമായി സൂക്ഷിക്കുന്നു.

**B. ആക്സസ് കണ്ട്രോൾ നിൻജ:** നിങ്ങളുടെ ജോലി-സംബന്ധമായ സെൻസിറ്റീവ് വിവരങ്ങൾക്ക് ആക്സസ് നിയന്ത്രിക്കുന്നതിന്, ജോലിപരവും വ്യക്തിപരവുമായ ഉപകരണങ്ങൾ വേർതിരിക്കേണ്ടത് അത്യാവശ്യമാണ്. ഇത് നിങ്ങളുടെ ഓഫീസ് ബാഗിന് ഒരു രഹസ്യ കോഡ് നൽകുന്നത് പോലെയാണ്. അധികാരമുള്ളവർക്ക് മാത്രം (നിങ്ങൾക്കും നിങ്ങളുടെ മേലധികാരിക്കും) ജോലി-സംബന്ധമായ വിവരങ്ങൾ ആക്സസ് ചെയ്യാൻ കഴിയും. അതേസമയം, നിങ്ങളുടെ വ്യക്തിപരമായ ബാഗ് നിങ്ങളുടെ സ്വകാര്യതയ്ക്കായി സുരക്ഷിതമായിരിക്കും. ഇത് ആകസ്മികമായ വിവര ചോർച്ചയോ അനധികൃത ആക്സസോ തടയുകയും നിങ്ങളുടെ ജോലി ജീവിതം സുരക്ഷിതവും ക്രമീകൃതവുമാക്കുകയും ചെയ്യും.




**C. ഉത്തരവാദിത്തം ഏറ്റെടുക്കുന്നയാൾ:** ജോലി സംബന്ധമായ പ്രവർത്തനങ്ങൾക്കും ഡേറ്റകൾക്കും വ്യക്തമായ ഉടമസ്ഥതയും ഉത്തരവാദിത്തവും ഉറപ്പാക്കാൻ, ഉപകരണങ്ങൾ വേർതിരിക്കേണ്ടത് അത്യാവശ്യമാണ്. പ്രത്യേക ഉപകരണങ്ങൾ ഉപയോഗിക്കുന്നത് ഉത്തരവാദിത്തം ആർക്കാണെന്നത് വ്യക്തമാക്കും. ഇത് നിങ്ങളുടെ ബാഗുകൾ ലേബൽ ചെയ്യുന്നത് പോലെയാണ്. ഓഫീസിലെ ജോലി ബാഗ് നിങ്ങളുടേതാണെന്ന് എല്ലാവർക്കും അറിയാം, അതേസമയം വ്യക്തിപരമായ ബാഗിൽ നിങ്ങൾക്ക് ഇഷ്ടമുള്ളത് വയ്ക്കാം. ഇത് ജോലികൾ ട്രാക്ക് ചെയ്യാനും നിങ്ങൾക്കും നിങ്ങളുടെ സഹപ്രവർത്തകർക്കും ഉത്തരവാദിത്തം നിലനിർത്താനും എളുപ്പമാക്കും.

ഓർക്കുക, നിങ്ങളുടെ ജോലി/വ്യക്തിപരമായ ഉപകരണങ്ങൾ വേർതിരിക്കുന്നത് രണ്ട് ഗാഡ്ജറ്റുകൾ ഉണ്ടായിരിക്കുക എന്നതിനപ്പുറം ഇത് നിങ്ങളുടെ സ്വകാര്യത സംരക്ഷിക്കാനും, ഒതുക്കമൊക്കാനും ജീവിതം എളുപ്പമാക്കാനുമാണ്. അതിനാൽ, ഒരു ഡേറ്റ ഡിറ്റക്ടീവായും, ആക്സസ് കൺട്രോൾ നിൻജയായും, ഉത്തരവാദിത്തം ഏറ്റെടുക്കുന്നയാളുമായി മുന്നോട്ട് പോകുക! നിങ്ങളുടെ ബാഗുകൾ ലേബൽ ചെയ്യാൻ മറക്കരുത്!

**ബോണസ് ടിപ്പ്:** ഉപകരണങ്ങൾ വേർതിരിച്ചാലും, ഓൺലൈനിൽ എന്ത് പങ്കുവെക്കുന്നു, ആർക്ക് ആക്സസ് നൽകുന്നു എന്നതിൽ എപ്പോഴും ശ്രദ്ധപുലർത്തണം. ഒരു സിസ്റ്റവും പൂർണമായി സുരക്ഷിതമല്ല, അതിനാൽ ജാഗ്രതയോടെ നിങ്ങളുടെ ഡിജിറ്റൽ ലോകം ആസ്വദിക്കുക!

## നിങ്ങളുടെ ഡേറ്റയെ ഒരു നിധിയെപ്പോലെ സംരക്ഷിക്കുക: എൻക്രിപ്ഷൻ ലേയറുകടെ ഒരു മാർഗ്ഗനിർദ്ദേശം

നിങ്ങളുടെ ഡേറ്റ എന്നത് വളരെ പ്രധാനപ്പെട്ട രഹസ്യങ്ങൾ അടങ്ങിയ ഒരു ശേഖരം ആണെന്ന് കരുതുക. ഈ രഹസ്യങ്ങൾ സംരക്ഷിക്കാൻ പലതരം സുരക്ഷാ സംവിധാനങ്ങൾ വേണ്ടിവരും, അല്ലേ?

അതുപോലെയാണ് എൻക്രിപ്ഷൻ ലേയറുകളും പ്രവർത്തിക്കുന്നത്!



### ഹോൾ ചെസ്റ്റ് ലോക്ക് (FDE):

- നിങ്ങളുടെ ഹാർഡ് ഡ്രൈവ് മൊത്തത്തിൽ എൻക്രിപ്റ്റ് ചെയ്യുക, അത് ഒരു വലിയ നിധി പെട്ടിയിൽ ശക്തമായ ഒരു പൂട്ടിടുന്നത് പോലെയാണ്.
- BitLocker (Windows), FileVault (macOS), അല്ലെങ്കിൽ VeraCrypt (തേർഡ് പാർട്ടി) പോലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുക.



### സീക്രെട് കമ്പാർട്മെന്റ് ലോക്കുകൾ (OS-തലത്തിൽ):

- macOS-ൽ എൻക്രിപ്റ്റ് ചെയ്ത ഡിസ്ക് ഇമേജുകൾ (നിധി പെട്ടിക്കുള്ളിലെ രഹസ്യ പെട്ടികൾ) ഉണ്ടാക്കുക.
- ചില ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിൽ എൻക്രിപ്റ്റ് ഫയൽ സിസ്റ്റങ്ങൾ (മറഞ്ഞിരിക്കുന്ന അറകൾ പോലെ) ഉപയോഗിക്കുക.



### ഓരോ ജം പൗഞ്ചുകൾ (ആപ്പ് തലത്തിൽ)

- പാസ്‌വേഡുകൾ, നോട്ടുകൾ, മെസേജുകൾ തുടങ്ങിയ പ്രധാനപ്പെട്ട വിവരങ്ങളെ എൻക്രിപ്ഷൻ സൗകര്യങ്ങളുള്ള ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് സുരക്ഷിതമാക്കുക.
- ഇതിൽ പാസ്‌വേഡ് മാനേജർമാർ, സുരക്ഷിതമായ നോട്ടുകൾ സൂക്ഷിക്കുന്ന ആപ്ലിക്കേഷനുകൾ, എൻഡ്-ടു-എൻഡ് എൻക്രിപ്ഷനോടുകൂടിയ സന്ദേശമയയ്ക്കാനുള്ള ആപ്ലിക്കേഷനുകൾ



**പ്രധാന ഓർമ്മകൾ:**

- ഓരോ ലോക്കിനും (എൻക്രിപ്ഷൻ ലെയർ) ശക്തവും വ്യത്യസ്തവുമായ പാസ്‌വേഡുകളോ കീകളോ ഉപയോഗിക്കുക.
- നിങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സോഫ്റ്റ്‌വെയർ അപ്‌ഡേറ്റുകൾ പതിവായി ചെയ്യുക.
- നിന്റെ എൻക്രിപ്റ്റ് ചെയ്ത ഡേറ്റ (നിധി ഭൂപടങ്ങൾ!) ആവശ്യമായി വരുമ്പോൾ വീണ്ടെടുക്കുന്നതിനായി ബാക്കപ്പ് ചെയ്യുക.



**ഈ എൻക്രിപ്ഷൻ പൂട്ടുകൾ അടുക്കുന്നതിലൂടെ, നിങ്ങളുടെ ഡേറ്റയ്ക്ക് ഒരു കോട്ട നിങ്ങൾ സൃഷ്ടിക്കും, അത് നിങ്ങളുടെ ഡിജിറ്റൽ നിധികൾ ആർക്കും മോഷ്ടിക്കാൻ വളരെ പ്രയാസകരമാക്കും!**

## സ്വകാര്യതയും സൈബർസുരക്ഷയും ഉറപ്പാക്കുന്നു: ഓൺലൈനിലും ഓഫ്‌ലൈനിലും

- സന്ദേശങ്ങൾ വായിച്ചതിന് ശേഷമോ മുൻകൂട്ടി നിശ്ചയിച്ച സമയത്തിന് ശേഷമോ സ്വയം ഇല്ലാതാകുന്ന മെസേജിംഗ് സേവനങ്ങളോ ആപ്ലിക്കേഷനുകളോ ഉപയോഗിക്കുക. Signal, Telegram, WhatsApp തുടങ്ങിയ ആപ്പുകൾ അപ്രത്യക്ഷമാകുന്ന മെസേജിങ് ഫീച്ചറുകൾ നൽകുന്നു, ആശയവിനിമയം താൽക്കാലികമായിരിക്കുകയും വായനയ്ക്ക് ശേഷമോ നിശ്ചിത കാലയളവിന് ശേഷമോ ചാറ്റുകളിലോ ഹിസ്റ്റോറിയിലോ തുടരുന്നില്ലായെന്ന് ഉറപ്പാക്കുന്നു.

- ഫിംഗർപ്രിന്റ് അല്ലെങ്കിൽ ഫേസ് ഐഡിറെക്കഗ്നിഷൻ പകരം, ബോധപൂർവമായ ശ്രദ്ധയോ വ്യക്തമായ സമ്മതമോ ആവശ്യമില്ലാത്തതിനാൽ, ഓഥന്റിക്കേഷനായി പാസ്‌വേഡ് അല്ലെങ്കിൽ പിൻ ഉപയോഗിക്കുക. പാസ്‌വേഡ് അല്ലെങ്കിൽ പിൻ ഉപയോഗിക്കുന്നത്, സുരക്ഷിത വിവരങ്ങളിലേക്കോ ഉപകരണങ്ങളിലേക്കോ പ്രവേശനം ഉപയോക്താവിന്റെ അറിവിനെ മാത്രം ആശ്രയിക്കുന്നതിനാൽ, ബോധപൂർവമായ പ്രവർത്തനവും വ്യക്തമായ സമ്മതവും വഴി നിയന്ത്രണവും സുരക്ഷയും ഉറപ്പാക്കുന്നു.

- നിങ്ങളുടെ പാസ്‌വേഡുകളുടെ ഒരു ഭാഗം ഒരു പാസ്‌വേഡ് മാനേജറിൽ സുരക്ഷിതമായി സൂക്ഷിക്കുകയും ബാക്കി ഭാഗം മനഃപാഠമാക്കുകയും ചെയ്യുന്നത് നിങ്ങളുടെ അക്കൗണ്ടുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു മികച്ച തന്ത്രമാണ്.

- ഒരു പാസ്‌വേഡ് മാനേജറിൽ, ഉദാഹരണത്തിന്, "12345" എന്ന ഭാഗം സുരക്ഷിതമായി സംഭരിക്കുകയും "fdsjrie" എന്ന ബാക്കി ഭാഗം ഓർമ്മയിൽ സൂക്ഷിക്കുകയും ചെയ്യുന്നതിലൂടെ, "12345fdsjrie" എന്ന പൂർണ്ണ പാസ്‌വേഡ് രൂപപ്പെടുത്താം. ഈ രീതി പാസ്‌വേഡ് മാനേജറിന്റെ എൻക്രിപ്ഷൻ സുരക്ഷയും നിങ്ങളുടെ ഓർമ്മശക്തിയും സംയോജിപ്പിച്ച്, അനധികൃത പ്രവേശനം തടയുന്നതിന് സുരക്ഷയും സൗകര്യവും സന്തുലിതമാക്കുന്നു.

- 2FA (റ്റു-ഫാക്ടർ ഓഥന്റിക്കേഷൻ) നടപ്പിലാക്കുന്നത് അക്കൗണ്ടിന്റെ സുരക്ഷയെ ഗണ്യമായി വർദ്ധിപ്പിക്കുന്നു. SMS അല്ലെങ്കിൽ ഇമെയിൽ അടിസ്ഥാനമാക്കിയ 2FA-യെ അപേക്ഷിച്ച്, TOTP (ടൈം-ബേസ്ഡ് വൺ-ടൈം പാസ്സ്‌വേർഡ്) അടിസ്ഥാനമാക്കിയ 2FA ഉപയോഗിക്കുന്നത് ഉയർന്ന സുരക്ഷ ഉറപ്പാക്കുന്നതിനാൽ കൂടുതൽ ശുപാർശ ചെയ്യപ്പെടുന്നു. TOTP സാധാരണയായി ഓരോ 30 സെക്കൻഡിലും മാറുന്ന ഒരു പ്രത്യേകമായ കോഡ് നിമ്മിച്ച്, അനധികൃത പ്രവേശനത്തിനെതിരെ അധിക സംരക്ഷണം ഉറപ്പാക്കുന്നു.

- ഗൂഗിൾ ഓഥന്റിക്കേറ്റർ, ഓഥി, അല്ലെങ്കിൽ മൈക്രോസോഫ്റ്റ് ഓഥന്റിക്കേറ്റർ പോലുള്ള ഓഥന്റിക്കേറ്റർ ആപ്പുകൾ TOTP കോഡുകൾ നിർമ്മിക്കുന്നതിനായി, അത്യന്തം സുരക്ഷിതമായ ഒരു മാർഗമാണ്.. ഈ ആപ്പുകൾ നിങ്ങളുടെ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട, ടൈം-സെൻസിറ്റീവ് കോഡുകൾ നിർമ്മിക്കുന്നു, മാത്രമല്ല SMS അല്ലെങ്കിൽ ഇമെയിൽ പോലുള്ള ആശയവിനിമയ ചാനലുകളെ ആശ്രയിക്കാത്തതിനാൽ, SMS-അടിസ്ഥാനമാക്കിയ 2FA-യെ അപകടപ്പെടുത്താൻ കഴിയുന്ന ഇന്റർസെപ്ഷൻ അല്ലെങ്കിൽ SIM സ്വാപ്പിംഗ് ആക്രമണങ്ങളുടെ സാധ്യത കുറയ്ക്കുന്നു.

- TOTP-അടിസ്ഥാനമാക്കിയ 2FA ഉപയോഗിക്കുന്നതിലൂടെ, നിങ്ങളുടെ അക്കൗണ്ടുകളിലേക്കുള്ള അനധികൃത പ്രവേശനത്തിന്റെ സാധ്യത ഗണ്യമായി കുറയ്ക്കുന്ന ഒരു അധിക സുരക്ഷാ ലെയർ നിങ്ങൾ ചേർത്ത്, വിവിധ സൈബർ ഭീഷണികൾക്കെതിരെ കൂടുതൽ ശക്തമായ സംരക്ഷണം നൽകുന്നു.

- ഫയലുകൾ ഡിലീറ്റ് ചെയ്യുന്നത് നിങ്ങളുടെ സ്വകാര്യതയെ പൂർണ്ണമായി സംരക്ഷിക്കാൻ പര്യാപ്തമല്ല. "ഡിലീറ്റ്" ബട്ടൺ ക്ലിക്ക് ചെയ്യുന്നത് ഫയലുകളെ എന്നെന്നേക്കുമായി ഇല്ലാതാക്കുന്നില്ല; അവ നിങ്ങളുടെ ഉപകരണത്തിൽ മറഞ്ഞിരിക്കുകയും പ്രത്യേക ഉപകരണങ്ങൾ ഉപയോഗിച്ച് കണ്ടെത്താനാകുകയും ചെയ്യും. സ്വകാര്യത ഉറപ്പാക്കാൻ, ഫയലുകൾ "ഷ്രെഡ് (Shred)" ചെയ്യേണ്ടതുണ്ട്. ഇത് കടലാസ് രേഖകൾ ഷ്രെഡ് ചെയ്യുന്നത് പോലെയാണ്. അവ വീണ്ടും ചേർക്കുന്നത് ഏതാണ്ട് അസാധ്യമാണ്. ഷ്രെഡിംഗ് സോഫ്റ്റ്‌വെയർ ഫയലുകളെ ക്രമരഹിതമായ അക്ഷരങ്ങളും അക്കങ്ങളും ഉപയോഗിച്ച് ഓവർറൈറ്റ് ചെയ്ത്, അവയെ വായിക്കാനാകാത്തവിധം കുഴപ്പിക്കും. ഇത് ഷ്രെഡ് ചെയ്ത കടലാസ് വലിച്ചെറിഞ്ഞ് ഭൂമിയിൽ ആഴത്തിൽ കുഴിച്ചിടുന്നത് പോലെയാണ്. ആർക്കും അത് കുഴിച്ചെടുത്ത് നിങ്ങളുടെ രഹസ്യങ്ങൾ വായിക്കാനാകില്ല. അതിനാൽ, സെൻസിറ്റീവ് ഫയലുകൾ നീക്കം ചെയ്യുമ്പോൾ, "ഡിലീറ്റ്" ബട്ടൺ ഒഴിവാക്കി ഷ്രെഡിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുക. ഇത് നിന്റെ ഡിജിറ്റൽ ജീവിതത്തെ സ്വകാര്യവും സുരക്ഷിതവുമാക്കാനുള്ള ഏറ്റവും മികച്ച മാർഗമാണ്.

- ടോർ (Tor) ഉപയോഗിച്ച് വെബ്സൈറ്റുകൾ ആക്സസ് ചെയ്യുന്നത് സ്വകാര്യതയും സുരക്ഷയും വർദ്ധിപ്പിക്കും. ഉദാഹരണത്തിന്, ദ ഗാർഡിയൻ പോലുള്ള വാർത്താ സൈറ്റുകളോ X (മുമ്പത്തെ ട്വിറ്റർ) പോലുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളോ ടോർ വഴി സന്ദർശിക്കുന്നത് അധിക അജ്ഞാതത്വം ഉറപ്പാക്കുന്നു.

**കാര്യങ്ങൾ മറയ്ക്കുക: ഓൺലൈനിലും ഓഫ്‌ലൈനിലും**

**ഓൺലൈനിൽ:**

